LIBRARY ARCHIVES Kerala Legislative Assembly

**ഒഴിവുകൾ യഥാസമയം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് നടപടി**

28 (3055) ശ്രീ. എം. വിജിൻ: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കോവിഡ് 19-ന്റെ സാഹചര്യത്തിൽ വിവിധ വകുപ്പുകളിലെ ഒഴിവുകൾ യഥാസമയം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിനും ഒഴിവുകൾ നികത്തുന്നതിനും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

പി.എസ്.സി. റാങ്ക് ലിസ്റ്റിൽനിന്നും പരമാവധി നിയമനം നടത്തുന്നതിനാവശ്യമായ നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്. പി.എസ്.സി. മുഖേന നിയമനം നടത്തുന്നതിനായി വകുപ്പുകളിൽ/സ്ഥാപനങ്ങളിൽ ഒഴിവുകളുണ്ടാകുന്ന മുറയ്ക്കുതന്നെ അത് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ എല്ലാ വകുപ്പുമേധാവികൾക്കും നിയമനാധികാരികൾക്കും വിവിധ സർക്കാർ ഉത്തരവുകളിലൂടെയും സർക്കുലറുകളിലൂടെയും നിർദ്ദേശം നൽകിയിട്ടുണ്ട്. കാലാവധി അവസാനിക്കാറാകുന്ന റാങ്ക് ലിസ്റ്റുകളിൽനിന്ന് പരമാവധി നിയമനം നടത്തുന്നതിലേയ്ക്ക് ഉദ്യോഗസ്ഥ ഭരണപരിഷ്കാര (അഡ്മിനിസ്ട്രേറ്റീവ് വിജിലൻസ് സെൽ)വകുപ്പിന്റെ മേൽനോട്ടത്തിൽ വിവിധ വകുപ്പുകളിൽനിന്ന് വിവിധ തസ്തികകളിലെ ഒഴിവുകൾ യഥാസമയം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിലേയ്ക്ക് സ്പെഷ്യൽ വേക്കൻസി റിപ്പോർട്ടിംഗ് ക്യാമ്പയിൻ നടത്തിവരുന്നു.

**പി.എസ്.സി.-യിൽ സർക്കാരിനുള്ള നിയന്ത്രണാധികാരങ്ങൾ**

29 (3056) ശ്രീ. പി. കെ. ബഷീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ)പി.എസ്.സി.-യിൽ സർക്കാരിനുള്ള നിയന്ത്രണാധികാരങ്ങൾ വ്യക്തമാക്കുമോ;

(ബി) സർക്കാർ സമയാസമയങ്ങളിൽ നൽകുന്ന നിർദ്ദേശങ്ങളും ഉത്തരവുകളും യഥാവിധി പി.എസ്.സി. പാലിക്കേണ്ടതായിട്ടുണ്ടോ; വ്യക്തമാക്കുമോ?

(എ&ബി) ഇന്ത്യൻ ഭരണഘടനയുടെ 320(3)-ാം അനുച്ഛേദപ്രകാരം സിവിൽ സർവ്വീസ് സംബന്ധമായ വിഷയങ്ങളിൽ സർക്കാരിന് ഉപദേശം നൽകാൻ സ്ഥാപിതമായ ഭരണഘടനാ സ്ഥാപനമാണ് പി.എസ്.സി. പി.എസ്.സി.-യുടെ പ്രവർത്തനത്തിൻമേൽ സർക്കാരിന് നിയന്ത്രണാധികാരങ്ങളില്ല.

(സി) മുൻ സർക്കാർ കാലയളവിൽ പി.എസ്.സി-ക്ക് നൽകിയ നിർദ്ദേശങ്ങളോ ഉത്തരവുകളോ ശിപാർശകളോ പി.എസ്.സി. നിരാകരിക്കുകയുണ്ടായോ; വിശദാംശം നൽകുമോ;

(ഡി) പി.എസ്.സി. നിരാകരിക്കുകയോ ബുദ്ധിമുട്ട് രേഖപ്പെടുത്തുകയോ ചെയ്ത നിർദ്ദേശങ്ങളും ശിപാർശകളും സർക്കാർ യഥാസമയം പിൻവലിക്കുകയുണ്ടോയോ; വ്യക്തമാക്കുമോ?

(സി&ഡി) ഭരണഘടനാ സ്ഥാപനമെന്ന നിലയിൽ പ്രത്യേകമായ അധികാരാവകാശങ്ങൾ പി.എസ്.സി.-ക്കുണ്ട്. അതിനനുസൃതമായാണ് പി.എസ്.സി. പ്രവർത്തിക്കുന്നത്. സർക്കാർ നൽകുന്ന അഭിപ്രായങ്ങളിൻമേൽ തീരുമാനമെടുക്കാനുള്ള അധികാരം പി.എസ്.സി.-ക്കുണ്ട്.

**അദ്ധ്യാപക നിയമനങ്ങൾ**

30 (3057) ശ്രീ. കടകംപള്ളി സുരേന്ദ്രൻ: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കോവിഡ് പശ്ചാത്തലത്തിൽ സ്കൂളുകൾ തുറക്കാത്തതിനാൽ അദ്ധ്യാപക നിയമനങ്ങൾ നടത്തുന്നില്ല എന്ന പരാതി നിലനിൽക്കുമ്പോൾ നിലവിലുള്ള എച്ച്.എസ്.എ. റാങ്ക് ലിസ്റ്റിന്റെ കാലാവധി നീട്ടുവാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

കോവിഡ് പശ്ചാത്തലത്തിൽ സർക്കാർ ശിപാർശകളുടെ അടിസ്ഥാനത്തിൽ പി.എസ്.സി. രണ്ട് തവണ താഴെപ്പറയുന്ന കാലയളവിൽ അവസാനിക്കുന്ന റാങ്ക് പട്ടികകളുടെ കാലാവധി ദീർഘിപ്പിച്ച് നല്കിയിട്ടുണ്ട്. 20-3-2020 മുതൽ 18-6-2020 വരെയുള്ള കാലയളവിനുള്ളിൽ കാലാവധി അവസാനിക്കുന്ന പി.എസ്.സി. റാങ്ക് പട്ടികകളുടെ കാലാവധി 19-6-2020 വരെ മൂന്നുമാസത്തേയ്ക്ക് ദീർഘിപ്പിച്ച് നൽകിയിരുന്നു. 5-2-2021 മുതൽ 3-8-2021 വരെയുള്ള കാലയളവിനുള്ളിൽ കാലാവധി അവസാനിക്കുന്ന പി.എസ്.സി. റാങ്ക് പട്ടികകളുടെ കാലാവധി 4-8-2021 വരെ ആറ് മാസത്തേയ്ക്കും ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്. റാങ്ക് ലിസ്റ്റുകളിൽനിന്നും നിലവിലുള്ള മുഴുവൻ ഒഴിവുകളിലും നിയമനം നടത്താൻ നടപടികൾ സ്വീകരിച്ചിട്ടുള്ളതിനാൽ അവയുടെ കാലാവധി നീട്ടേണ്ട സാഹചര്യം നിലവിലില്ല.

**ആലപ്പുഴ ജില്ലയിൽ ലാംഗ്വേജ് ടീച്ചർ (ഹിന്ദി) നിയമനം**

31 (3058) ശ്രീ. അൻവർ സാദത്ത്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിൽ പാർട്ട് ടൈം ജൂനിയർ ലാംഗ്വേജ് ടീച്ചർ (ഹിന്ദി) തസ്തികയിൽ നിയമനത്തിനായി പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ?

ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly